# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5027

22.05.2017-ന് മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണ യഞ്ജം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയിപ്പിക്കേണ്ടതിന് സുപ്രധാന പങ്കാളിത്തം പി.ടി.എ, എസ്.എം.സി, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ തുടങ്ങിയവക്കും കൂടിയാണെന്നിരിക്കെ ഇവരുടെ സഹകരണവും പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയിപ്പിക്കേണ്ടതിന് സുപ്രധാന പങ്കാളിത്തം പി.ടി.എ, എസ്.എം.സി, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ തുടങ്ങിയവർക്കും കൂടിയാണെന്ന തിനാൽ ഇവരുടെസഹകരണവും പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിന് വേണ്ടി വിവിധ കർമ്മ പദ്ധതികൾക്കായി തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് ഇവരുടെ അഭിപ്രായം കൂടി കണക്കിലെടുത്തു കൊണ്ടാണ്. കൂടാതെ പദ്ധതി നിർവ്വഹണത്തി നായുള്ള ധനകാര്യ ഉദ്ഗ്രഥനത്തിലും പദ്ധതി നടത്തിപ്പിലും മേൽ വിഭാഗങ്ങളുടെ പൂർണ്ണ സഹകരണം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് പുതുതായി എന്തെല്ലാം പദ്ധതി കളാണ് നടപ്പിലാക്കാൻ ഉദ്ദേശി ക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ജനകീയപങ്കാളിത്തം ഉറപ്പാക്കുന്നതിന് 08.12.2016-ലെ സർക്കാർ ഉത്തരവ് 202/2016/പൊ.വി.വ. പ്രകാരം വിവിധ കമ്മിറ്റികൾക്ക് രൂപം നൽകിയിട്ടുണ്ട് |
| (സി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് പ്രത്യേക സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോ; | (സി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പുരോഗതിയുടെ വിവിധ ഘട്ടങ്ങൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിലയിരുത്തുന്നുണ്ട്. കൂടാതെ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥരും സംസ്ഥാന-ജില്ലാതല മിഷനുകളും പുരോഗതി വിലയിരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ